# പതിമൂന്നാം കേരള നിയമസഭ

## പന്ത്രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ: 937

**03/12/2014 - ൽ മറുപടിക്ക്**

### കൊല്ലം-കോട്ടപ്പുറം ദേശീയ ജലപാത

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. പി.കെ.ഗുരുദാസൻ | ശ്രീ. പി.ജെ.ജോസഫ്<br>(ജലവിഭവ വകുപ്പ് മന്ത്രി) |
| (എ) കൊല്ലം-കോട്ടപ്പുറം ദേശീയ ജലപാത പദ്ധതിയുടെ നിർമ്മാണ പുരോഗതി സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ; | (എ) കൊല്ലം-കോട്ടപ്പുറം ദേശീയ ജലപാതയിൽ നടത്തിവരുന്ന നിർമ്മാണ പ്രവർത്തനത്തിന്റെ ഫലമായി ഈ ജലപാതയിലാകെ ഒറ്റവരി ഗതാഗത സംവിധാനം ഏർപ്പെടുത്തികഴിഞ്ഞു. ആലപ്പുഴക്കും കൊല്ലത്തിനുമിടയ്ക്ക് കുറച്ച് ഭാഗങ്ങൾ കൂടി ആഴം കൂട്ടുവാനുള്ള പണികളും മറ്റും പൂർത്തീകരിച്ചാൽ ഈ ജലപാതയിലാകെ 2 വരി ഗതാഗത സംവിധാനം നിലവിൽ വരും. അവശേഷിക്കുന്ന പണികൾ കൂടി പൂർത്തീകരിച്ച് 2015-ആദ്യത്തോട് കൂടി പദ്ധതി കമ്മീഷൻ ചെയ്യാനാകുമെന്നാണ് ഈ പദ്ധതിയുടെ നിർമ്മാണ പ്രവർത്തനങ്ങളുടെ പൂർണ്ണചുമതല വഹിക്കുന്ന കേന്ദ്ര സർക്കാർ സ്ഥാപനമായ ഇൻലാന്റ് വാട്ടർ വെയ്സ് അതോറിറ്റി ഓഫ് ഇൻഡ്യ (IWAI) അറിയിച്ചിട്ടുള്ളത്. |
| (ബി) പ്രസ്തുത പദ്ധതിച്ചെലവ് സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ; | (ബി) ഈ പദ്ധതിയുടെ നിർമ്മാണ ചെലവ് പൂർണ്ണമായും കേന്ദ്ര സർക്കാരാണ് വഹിക്കുന്നത്. |
| (സി) പ്രസ്തുത പദ്ധതി കമ്മീഷൻ ചെയ്യുന്നതിനുള്ള കാലതാമസത്തിനുള്ള കാരണം വ്യക്തമാക്കുമോ; | (സി) ദേശീയജലപാതയുടെ നവീകരണ പ്രവർത്തനങ്ങളുടെ ഭാഗമായി ആഴം കൂട്ടൽ പണികൾ നടത്തുമ്പോൾ ലഭ്യമാകുന്ന മണ്ണ്, ചെളി, മറ്റു മാലിന്യങ്ങൾ എന്നിവ കരയിൽ നിക്ഷേപിക്കുവാൻ മതിയായ സ്ഥലങ്ങൾ ലഭ്യമാകാത്തതും ഇപ്രകാരം ലഭിക്കുന്ന മണലിനെ |

ചൊല്ലി നാട്ടുകാർ ഉന്നയിക്കുന്ന അവകാശ വാദങ്ങൾ, ജലപാതയിൽ മാർഗ്ഗ തടസ്സമായി സ്ഥാപിക്കപ്പെട്ട ചീനവലകൾ, ഊന്നിവലകൾ എന്നിവയും, കൊല്ലം - ചവറ ഭാഗങ്ങളിൽ ദേശീയ ജലപാതയിൽ കാണുന്ന വളരെ കട്ടി കൂടിയ പ്രതലം **(UnderWater Laterite bed)** മുതലായവയാണ് പദ്ധതി കമ്മീഷൻ ചെയ്യുന്ന തിനുള്ള കാലതാമസത്തിനുള്ള പ്രധാന കാരണങ്ങൾ.

ഡി) കൊല്ലം തോടിന്റെ ഭാഗത്തു താമസി ച്ചിരുന്നവരുടെ പുനരധിവാസ പദ്ധതി പൂർത്തി യായ സാഹചര്യത്തിൽ കൊല്ലം-കോവളം ജലപാതയുടെ നിർമ്മാണം ഉടനെ ആരംഭി ക്കുമോ?

(ഡി) കൊല്ലംതോടിന്റെ ഭാഗത്തു താമസിച്ചിരുന്ന വരുടെ പുനരധിവാസ പദ്ധതി പൂർണ്ണമായും ഇതുവരെ പൂർത്തീകരിച്ചിട്ടില്ല. പുനരധിവാസ പദ്ധതി പൂർത്തിയായ ഭാഗങ്ങളിലെ പ്രവൃത്തി കൾ പുരോഗമിച്ചുവരുന്നു. ബാക്കി ഭാഗത്തെ (ഏകദേശം 2.50കി.മീ ഭാഗം) പുനരധിവാസം പൂർണ്ണമാകുന്ന മുറയ്ക്ക് ആ ഭാഗങ്ങളിലെ പ്രവൃത്തി പ്രാവർത്തികമാക്കാൻ വേണ്ടി നടപടികൾ സ്വീകരിക്കുന്നതാണ്. ഇതും കൂടി പൂർത്തീകരിച്ചാൽ കൊല്ലംതോട് പൂർണ്ണമായും ഗതാഗതയോഗ്യമാക്കാവുന്നതാണ്.

സെക്ഷൻ ഓഫീസർ